12-07-2025 പ്രഭാത മുരളി ഓം ശാന്തി ബാപ്ദാദ മധുബൻ

**മധുരമായ കുട്ടികളേ - നിങ്ങൾക്ക് സത്യം സത്യമായ വൈഷ്ണവനായി മാറണം, സത്യമായ വൈഷ്ണവൻ ഭക്ഷണത്തിന്റെ പഥ്യത്തോടൊപ്പം പവിത്രമായും കഴിയുന്നു.**

**ചോദ്യം:-** ഏതൊരു അവഗുണം ഗുണത്തിലേയ്ക്ക് പരിവർത്തനപ്പെടുകയാണെങ്കിൽ തോണി മറുകരയെത്തിക്കാൻ സാധിക്കും?

**ഉത്തരം:-** ഏറ്റവും വലിയ അവഗുണമാണ് മോഹം. മോഹമുള്ളതുകൊണ്ട് സംബന്ധികളുടെ ഓർമ്മ അലട്ടിക്കൊണ്ടിരിക്കുന്നു. ചിലരുടെ ഏതെങ്കിലും സംബന്ധി മരിക്കുകയാണെങ്കിൽ 12 മാസം വരെയ്ക്ക് അവരെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. മുഖം മറച്ച് കരഞ്ഞുകൊണ്ടിരിക്കും, ഓർമ്മ വന്നുകൊണ്ടിരിക്കും. അഥവാ, രാവും പകലും നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ തോണി മറുകര എത്തും. എങ്ങനെയാണോ ലൗകിക സംബന്ധിയെ ഓർമ്മിക്കുന്നത് അതുപോലെ ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കുകയാണെങ്കിൽ അഹോ സൗഭാഗ്യം.

**ഓം ശാന്തി**. ബാബ ദിവസവും കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയുടെ ഓർമ്മയിലിരിക്കൂ. ഇന്ന് അതിൽ കൂട്ടിച്ചേർക്കുന്നു കേവലം അച്ഛൻ മാത്രമല്ല എന്ന് മനസ്സിലാക്കണം. മുഖ്യമായ കാര്യം ഇതാണ് - പരംപിതാ പരമാത്മാ ശിവൻ, ശിവനെ ഗോഡ് ഫാദറെന്നും പറയുന്നു, ജ്ഞാനസാഗരനുമാണ്. ജ്ഞാനസാഗരനായതുകൊണ്ട് ടീച്ചറുമാണ്, രാജയോഗം പഠിപ്പിക്കുന്നു. ഇത് മനസ്സിലാക്കി കൊടുക്കുന്നതിലൂടെ മനസ്സിലാക്കും സത്യമായ ബാബ ഇവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രാക്ടിക്കലായ കാര്യം ഇത് കേൾപ്പിക്കുന്നു. ബാബ എല്ലാവരുടെയും അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗതി ദാതാവുമാണ് കൂടാതെ ബാബയെ നോളേജ് ഫുൾ എന്നും പറയുന്നു. അച്ഛൻ, ടീച്ചർ, പതിത പാവനൻ, ജ്ഞാന സാഗരൻ. ആദ്യമാദ്യം ബാബയുടെ മഹിമ ചെയ്യണം. ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ബ്രഹ്മാകുമാരന്മാരും - കുമാരിമാരുമാണ്. ബ്രഹ്മാവും ശിവബാബയുടെ രചനയാണ് ഇപ്പോൾ സംഗമയുഗമാണ്. ലക്ഷ്യവും രാജയോഗത്തിന്റെയാണ്, നമ്മേ രാജയോഗം പഠിപ്പിക്കുന്നു. അതിനാൽ ടീച്ചറും പ്രസിദ്ധമായി. ഈ പഠിപ്പ് പുതിയ ലോകത്തിലേയ്ക്ക് വേണ്ടിയാണ്. ഇവിടെയിരുന്ന് ഇത് പക്കാ ആക്കൂ - നമുക്ക് എന്തെല്ലാം മനസ്സിലാക്കി കൊടുക്കണം. ഇത് ഉള്ളിൽ ധാരണ ഉണ്ടായിരിക്കണം. ഇതും അറിയാം ചിലർക്ക് കൂടുതൽ ധാരണ ഉണ്ടാകുന്നു, ചിലർക്ക് കുറവും. ഇവിടെയും ആരാണോ ജ്ഞാനത്തിൽ തീക്ഷ്ണമായി പോകുന്നത് അവരുടെ പ്രസിദ്ധിയുണ്ടാകുന്നു. പദവിയും ഉയർന്നതാകുന്നു. പത്ഥ്യവും ബാബ പറഞ്ഞു തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ പൂർണ്ണമായ വൈഷ്ണവരാകുന്നു. വൈഷ്ണവർ അർത്ഥം ആരാണോ പൂർണ്ണമായും സസ്യാഹാരി. മാംസവും മദ്യവും കഴിക്കുകയില്ല. എന്നാൽ വികാരത്തിൽ പോകുന്നുണ്ട്, അങ്ങനെ വൈഷ്ണവനായിട്ട് എന്ത് കാര്യം. വൈഷ്ണവ കുലത്തിലേതെന്ന് പറയുന്നു അർത്ഥം ഉള്ളി മുതലായ തമോഗുണീ വസ്തുകൾ കഴിക്കുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം - എന്തെല്ലാമാണ് തമോഗുണീ വസ്തുക്കൾ. ചില നല്ല മനുഷ്യരും ഉണ്ട്, അവരെ ധാർമ്മിക ചിന്താഗതിയുള്ളവർ അഥവാ ഭക്തൻ എന്ന് പറയുന്നു. സന്യാസിമാരെ പവിത്ര ആത്മാവെന്ന് പറയും ആരാണോ ദാനമെല്ലാം ചെയ്യുന്നത് അവരെ പുണ്യാത്മാവെന്നും പറയും. ഇതിലൂടെയും വ്യക്തമാകുന്നു - ആത്മാവ് തന്നെയാണ് ദാന-പുണ്യം ചെയ്യുന്നത് അതുകൊണ്ടാണ് പുണ്യാത്മാവെന്നും പവിത്ര ആത്മാവെന്നും പറയുന്നത്. ആത്മാവ് നിർലേപമല്ല. ഇങ്ങനെയുള്ള നല്ല നല്ല വാക്കുകൾ ഓർമ്മയുണ്ടാവണം. സന്യാസിമാരെയും മഹാ ആത്മാവെന്ന് പറയുന്നുണ്ട്. മഹാ പരമാത്മാവെന്ന് പറയുകയില്ല. അതിനാൽ സർവ്വവ്യാപിയെന്ന് പറയുന്നത് തെറ്റാണ്. എല്ലാവരും ആത്മാക്കളാണ്, എന്തെല്ലാമുണ്ടോ എല്ലാത്തിലും ആത്മാവുണ്ട്. വിദ്യാഭ്യാസമുള്ളവർ ആരാണോ അവർ വ്യക്തമായി പറയുന്നു വൃക്ഷത്തിലും ആത്മാവുണ്ട്. പറയുന്നു 84 ലക്ഷം യോനികൾ ഏതെല്ലാമുണ്ടോ അതിലെല്ലാം ആത്മാവുണ്ട്. ആത്മാവില്ലായെങ്കിൽ എങ്ങനെ വൃദ്ധിയുണ്ടാകും! മനുഷ്യാത്മാക്കൾ ഏതെല്ലാമുണ്ടോ അതിന് ജഡത്തിൽ പോകാൻ സാധ്യമല്ല. ശാസ്ത്രങ്ങളിൽ ഇങ്ങനെയിങ്ങനെയുള്ള കാര്യങ്ങൾ എഴുതിയിരിക്കുന്നു. ഇന്ദ്രപ്രസ്ഥത്തിൽ നിന്ന് പുറത്തായപ്പോൾ കല്ലായി മാറി. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കി തരുന്നു, ബാബ കുട്ടികളോട് പറയുന്നു ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും വിട്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. എന്നെ മാത്രം ഓർമ്മിക്കൂ. അത്രയും മതി നിങ്ങളുടെ 84 ജന്മം ഇപ്പോൾ പൂർത്തിയായി. ഇപ്പോൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. ദുഃഖധാമം അപവിത്ര ധാമമാണ്. ശാന്തിധാമവും സുഖധാമവും പവിത്ര ധാമമാണ്. ഇതെല്ലാം അറിയാമല്ലോ. സുഖധാമത്തിൽ വസിക്കുന്ന ദേവതകളുടെ മുന്നിൽ പോയി തല കുനിക്കുന്നു. വ്യക്തമാകുന്നു ഭാരതത്തിൽ പുതിയ ലോകത്തിൽ പവിത്ര ആത്മാക്കളായിരുന്നു, ഉയർന്ന പദവിയുള്ളവരായിരുന്നു. ഇപ്പോൾ പാടുന്നു നിർഗുണ

മാലയായ എന്നിൽ യാതൊരു ഗുണവുമില്ല. അങ്ങനെ തന്നെയാണ്. യാതൊരു ഗുണവുമില്ല. മനുഷ്യരിൽ മോഹവും വളരെയധികമുണ്ട്, മരിച്ചവരെയും ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിയിൽ ഇത് എന്റെ കുട്ടിയാണെന്ന് ഓർമ്മ വരുന്നു. പതി അഥവാ കുട്ടി മരിച്ചാൽ അവരെ ഓർമ്മിച്ചുകൊണ്ടിരിക്കും. സ്ത്രീ 12 മാസം വരെയ്ക്കും നന്നായി ഓർമ്മിക്കുന്നു, മുഖം മറച്ച് കരഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ മുഖം മറച്ച് അഥവാ നിങ്ങൾ ബാബയെ രാവും പകലും ഓർമ്മിക്കുന്നുവെങ്കിൽ തോണി മറുകര എത്തും. ബാബ പറയുന്നു - എങ്ങനെയാണോ പതിയെ നിങ്ങൾ ഓർമ്മിച്ചുകൊണ്ടിരിക്കുന്നത് അതുപോലെ എന്നെ ഓർമ്മിക്കൂ അപ്പോൾ നിങ്ങളുടെ വികർമ്മം വിനാശമാകും. ബാബ യുക്തികൾ പറഞ്ഞു തരുന്നു ഇങ്ങനെയിങ്ങനെയെല്ലാം ചെയ്യൂ.

കണക്ക് നോക്കുന്നു ഇന്ന് ഇത്ര ചിലവുണ്ടായി, ഇത്ര നേട്ടമുണ്ടായി, ദിവസവും ബാലൻസ് കാണിക്കുന്നു. ചിലർ മാസാ മാസം കാണിക്കുന്നു. ഇവിടെയാണെങ്കിൽ ഇത് വളരെ അത്യാവശ്യമാണ്, ബാബ ഇടയ്ക്കിടയ്ക്ക് മനസ്സിലാക്കി തരുന്നുണ്ട്. ബാബ പറയുന്നു നിങ്ങൾ കുട്ടികൾ സൗഭാഗ്യശാലീ, ആയിരം മടങ്ങ് ഭാഗ്യശാലീ, കോടിമടങ്ങ് ഭാഗ്യശാലീ, കോടി, നൂറ് കോടി, പതിനായിരം കോടി ഭാഗ്യശാലിയാണ്. ഏത് കുട്ടികളാണോ തന്നെ സൗഭാഗ്യശാലിയാണെന്ന് മനസ്സിലാക്കുന്നത്, അവർ തീർച്ചയായും ബാബയെ നല്ല രീതിയിൽ ഓർമ്മിച്ചുകൊണ്ടിരിക്കും. അവർ റോസാപുഷ്പമായി മാറും. ഇത് ചുരുക്കി മനസ്സിലാക്കി തരികയാണ്. സുഗന്ധമുള്ള പുഷ്പമായാണ് മാറേണ്ടത്. മുഖ്യമായത് ഓർമ്മയുടെ കാര്യമാണ്. സന്യാസിമാർ യോഗം എന്ന അക്ഷരം പറയുന്നുണ്ട്. ലൗകിക അച്ഛൻ ഇങ്ങനെ പറയില്ല എന്നെ ഓർമ്മിക്കൂ അല്ലെങ്കിൽ ചോദിക്കില്ല എന്നെ ഓർമ്മിക്കുന്നുണ്ടോ? അച്ഛന് കുട്ടികളുടെയും, കുട്ടികൾക്ക് അച്ഛനെയും ഓർമ്മയുണ്ടാകും. ഇത് നിയമമാണ്. ഇവിടെ ചോദിക്കേണ്ടി വരുന്നു കാരണം മായ മറപ്പിക്കുന്നു. ഇവിടെ വരുന്നു, മനസ്സിലാക്കുന്നു നമ്മൾ ബാബയുടെയടുത്ത് പോവുകയാണ് എങ്കിൽ ബാബയുടെ ഓർമ്മയും ഉണ്ടായിരിക്കണം. അതുകൊണ്ടാണ് ബാബ ചിത്രവും ഉണ്ടാക്കുന്നത് അതിനാൽ അതെങ്കിലും കൂടെയുണ്ടാവണം. ഏറ്റവുമാദ്യമായി എപ്പോഴും ബാബയുടെ മഹിമ ചെയ്യൂ. ഇത് നമ്മുടെ ബാബയാണ്, ഇപ്രകാരം എല്ലാവരുടെയും അച്ഛനാണ്. സർവ്വരുടെയും സദ്ഗതി ദാതാവ്, ജ്ഞാനത്തിന്റെ സാഗരം നോളേജ് ഫുൾ ആണ്. ബാബ നമുക്ക് സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു, അതിലൂടെ നമ്മൾ ത്രികാല ദർശിയായി മാറുന്നു. ത്രികാല ദർശി ഈ സൃഷ്ടിയിൽ ഒരു മനുഷ്യനും ആകാൻ സാധിക്കില്ല. ബാബ പറയുന്നു ഈ ലക്ഷ്മീ നാരായണനും ത്രികാല ദർശിയല്ല. ഇവർ ത്രികാല ദർശിയായിട്ട് എന്ത് ചെയ്യാനാണ്! നിങ്ങൾ ആവുകയും ആക്കുകയും ചെയ്യുന്നു. ഈ ലക്ഷ്മീ നാരായണനിൽ ജ്ഞാനമുണ്ട് എങ്കിൽ പരമ്പരയായി നടക്കും. ഇടയിൽ വിനാശമുണ്ടാകുന്നു അതിനാൽ പരമ്പരയായി നടക്കുക സാധ്യമല്ല. അതിനാൽ കുട്ടികൾക്ക് ഈ പഠിപ്പിനെ നല്ല രീതിയിൽ ഓർമ്മിക്കണം. നിങ്ങളുടെ ഉയർന്നതിലും ഉയർന്ന പഠിപ്പ് സംഗമത്തിൽ മാത്രമാണ് ഉണ്ടാവുന്നത്. നിങ്ങൾ ഓർമ്മിക്കുന്നില്ല, ദേഹാഭിമാനത്തിലേയ്ക്ക് പോകുന്നുവെിൽ മായ അടിക്കുന്നു. 16 കലാ സമ്പൂർണ്ണമാകുമ്പോൾ വിനാശത്തിന്റെ തയ്യാറെടുപ്പുകളും ഉണ്ടാകും. അവർ വിനാശത്തിന് വേണ്ടിയും നിങ്ങൾ അവിനാശീ പദവി നേടുന്നതിന് വേണ്ടിയും തയ്യാറെടുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നു. കൗരവരുടെയും പാണ്ഡവരുടെയും യുദ്ധം നടക്കുന്നില്ല, കൗരവരുടെയും യാദവരുടെയുമാണ് നടക്കുന്നത്. ഡ്രാമയനുസരിച്ച് പാക്കിസ്ഥാനും ഉണ്ടായി കഴിഞ്ഞു. അതിന്റെയും ആരംഭം അപ്പോഴാണ് ഉണ്ടാവുന്നത് എപ്പോഴാണോ നിങ്ങളുടെ ജന്മം ഉണ്ടാവുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുന്നു അതിനാൽ എല്ലാം പ്രാക്ക്ടിക്കലായിരിക്കണം. ഇവിടേയ്ക്ക് വേണ്ടി തന്നെയാണ് പറയുന്നത് രക്തത്തിന്റെ നദികൾ ഒഴുകുന്നു അതിന് ശേഷം വെണ്ണയുടെ നദി ഒഴുകും. ഇപ്പോഴും നോക്കൂ വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ഇന്ന പട്ടണം രണ്ടായില്ലായെങ്കിൽ യുദ്ധം ചെയ്യും. ഇതിലൂടെ പോകരുത്, ഇത് ഞങ്ങളുടെ വഴിയാണ്. അപ്പോൾ അവർ എന്തു ചെയ്യും. സ്റ്റീമർ എങ്ങനെ പോകും! പിന്നീട് അനുമതി തേടുന്നു. തീർച്ചയായും അനുമതി ചോദിക്കും. സഹായത്തിന്റെ പ്രതീക്ഷ ലഭിച്ചിരിക്കും, അവർ പരസ്പരം തന്നെ അവസാനിക്കും. ഇവിടെ പിന്നീട് ആഭ്യന്തര യുദ്ധവും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്.

ഇപ്പോൾ ബാബ പറയുന്നു - മധുരമായ കുട്ടികളെ, വളരെ വളരെ സമർത്ഥശാലിയായി മാറൂ. ഇവിടെ നിന്ന് പുറത്ത് വീട്ടിൽ പോയതിന് ശേഷം മറക്കരുത്. ഇവിടെ നിങ്ങൾ വരുന്നത് സമ്പത്ത് ശേഖരിക്കാനാണ്. ചെറിയ ചെറിയ കുട്ടികളെ കൂട്ടികൊണ്ട് വരുകയാണെങ്കിൽ അവരുടെ ബന്ധനത്തിൽ ഇരിക്കേണ്ടി വരുന്നു. ഇവിടെ ജ്ഞാനസാഗരന്റെ തീരത്ത് വന്നിരിക്കുകയാണ്, എത്ര സമ്പത്ത് നേടാൻ സാധിക്കുമോ അത്രയും നല്ലതാണ്. ഇതിൽ മുഴുകണം. നിങ്ങൾ വന്നിരിക്കുന്നത് തന്നെ അവിനാശീ ജ്ഞാനരത്നങ്ങളൽ സഞ്ചി നിറയ്ക്കാനാണ്. പാടാറുണ്ടല്ലോ ഭോലാനാഥാ സഞ്ചി നിറച്ചു തരൂ. ഭക്തർ ശങ്കരന്റെ മുന്നിൽ പോയി പറയുന്നു സഞ്ചി നിറച്ചു തരൂ. അവർ ശിവനെയും ശങ്കരനെയും ഒന്നാണെന്ന് മനസ്സിലാക്കുന്നു.

ശിവ–ശങ്കര മഹാദേവനെന്ന് പറയുന്നു. അപ്പോൾ മഹാദേവൻ ഉയർന്നതാകുന്നു. ഇങ്ങനെയുള്ള ചെറിയ ചെറിയ കാര്യങ്ങൾ വളരെയധികം മനസ്സിലാക്കാനുള്ളതാണ്.

നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് – ഇപ്പോൾ നിങ്ങൾ ബ്രാഹ്മണനാണ്, ജ്ഞാനം ലഭിച്ചു കൊണ്ടിരിക്കുന്നു. പഠിപ്പിലൂടെ മനുഷ്യർ മാറുന്നു. പെരുമാറ്റ രീതിയും നല്ലാതാകുന്നു. ഇപ്പോൾ നിങ്ങൾ പഠിക്കുകയാണ്. ആരാണോ ഏറ്റവും കൂടുതൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്, അവരുടെ പെരുമാറ്റവും നല്ലതായിരിക്കും. നിങ്ങൾ പറയും ഏറ്റവും നല്ല പെരുമാറ്റം മമ്മയുടെയും ബാബയുടെയുമാണ്. ഇദ്ദേഹം വലിയ മമ്മയായി, ആരിലാണോ പ്രവേശിച്ച് കുട്ടികളെ രചിക്കുന്നത്. മാതാവും പിതാവും ഒരുമിച്ചാണ്. എത്ര ഗുപ്തമായ കാര്യങ്ങളാണ്. എങ്ങനെയാണോ നിങ്ങൾ പഠിക്കുന്നത് അതുപോലെ മമ്മയും പഠിച്ചിട്ടുണ്ടായിരുന്നു. അവരെ ദത്തെടുത്തിരിക്കുന്നു. വിവേകശാലിയായിരുന്നു അതിനാൽ ഡ്രാമയനുസരിച്ച് സരസ്വതിയെന്ന പേര് വന്നു. ബ്രഹ്മപുത്ര വലിയ നദിയാണ്. സാഗരത്തിന്റെയും ബ്രഹ്മപുത്രയുടെയും മേളയും ഉണ്ടാകുന്നു. ഇത് വലിയ നദിയാണെങ്കിൽ അമ്മയുമാണല്ലോ. നിങ്ങൾ മധുര മധുരമായ കുട്ടികളെ എത്ര ഉയരത്തിലേയ്ക്കാണ് കൊണ്ടു പോകുന്നത്. ബാബ നിങ്ങൾ കുട്ടികളെ തന്നെയാണ് കാണുന്നത്. ബാബയ്ക്ക് ആരെയും ഓർമ്മിക്കേണ്ടതില്ല. ഇദ്ദേഹത്തിന്റെ ആത്മാവിന് ബാബയെ ഓർമ്മിക്കണം. ബാബ പറയുന്നു ഞങ്ങൾ രണ്ടു പേരും, കുട്ടികളെ കാണുന്നു. ആത്മാവായ എനിക്ക് സാക്ഷിയായി കാണേണ്ടതില്ല, എന്നാൽ ബാബയുടെ സംഗത്തിൽ ഞാനും അങ്ങനെ കാണുന്നു. ബാബയുടെ കൂടെയല്ലേ ഇരിക്കുന്നത്. ബാബയുടെ കുട്ടിയാണ് അതുകൊണ്ട് കൂടെ തന്നെ കാണുന്നു. ഞാൻ വിശ്വത്തിന്റെ അധികാരിയായി മാറി ചുറ്റിക്കറങ്ങുന്നു, ഞാൻ തന്നെ ചെയ്യുന്നത് പോലെ. ഞാൻ ദൃഷ്ടി നൽകുന്നു. ദേഹ സഹിതം എല്ലാം മറക്കണം. ബാക്കി കുട്ടിയും അച്ഛനും ഒന്നായി മാറുന്നു. അതിനാൽ ബാബ മനസ്സിലാക്കി തരുന്നു നന്നായി പുരുഷാർത്ഥം ചെയ്യൂ. മമ്മയും ബാബയും ഒരു പോലെ കൂടുതൽ സേവനം ചെയ്യുന്നു. വീട്ടിലും അമ്മയും അച്ഛനും വളരെയധികം സേവനം ചെയ്യുമല്ലോ. സേവനം ചെയ്യുന്നവർ തീർച്ചയായും പദവിയും ഉയർന്നത് നേടും അതിനാൽ ഫോളോ ചെയ്യേണ്ടേ. എങ്ങനെയാണോ ബാബ അപകാരിയുടെ മേലും ഉപകാരം ചെയ്യുന്നത്, അതുപോലെ നിങ്ങളും ബാബയെ ഫോളോ ചെയ്യൂ. ഇതിന്റെയും അർത്ഥം മനസ്സിലാക്കണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ മറ്റാരുടേതും കേൾക്കരുത്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ, കേട്ടിട്ടും കേൾക്കാതിരിക്കൂ. നിങ്ങൾ പുഞ്ചിരിച്ചുകൊണ്ടിരുന്നാൽ അവർ സ്വയം തണുക്കും. ബാബ പറഞ്ഞിട്ടുണ്ട് ആരെങ്കിലും ക്രോധിക്കുകയാണെങ്കിൽ നിങ്ങൾ അവരുടെ മേൽ പൂക്കൾ അർപ്പിക്കൂ, പറയൂ നിങ്ങൾ ഉപദ്രവമാണ് ചെയ്യുന്നത്, ഞങ്ങൾ ഉപകാരം ചെയ്യുന്നു. ബാബ സ്വയം പറയുന്നു മുഴുവൻ ലോകത്തിലെ മനുഷ്യരും എന്റെ അപകാരികളാണ്, എന്നെ സർവ്വവ്യാപിയെന്ന് പറഞ്ഞ് വളരെയധികം ഗ്ലാനി നൽകുന്നു ഞാൻ എല്ലാവരുടെയും ഉപകാരിയാണ്. നിങ്ങൾ കുട്ടികളും എല്ലാവരുടെയും ഉപകാരം ചെയ്യുന്നവരാണ്. നിങ്ങൾ ചിന്തിക്കൂ – നമ്മൾ എന്തായിരുന്നു, ഇപ്പോൾ എന്തായി മാറുന്നു! വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ചിന്തയിൽ പോലും ഉണ്ടായിരുന്നില്ല. അനേകർക്ക് വീട്ടിലിരുന്ന് സാക്ഷാത്കാകരം ഉണ്ടാകുന്നു. എന്നാൽ സാക്ഷാത്ക്കാരത്തിലൂടെ ഒന്നും സംഭവിക്കുന്നില്ല. പതുക്കെ–പതുക്കെ വൃക്ഷം അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കും. ഈ പുതിയ ദൈവീക വൃക്ഷം സ്ഥാപിതമായിക്കൊണ്ടിരിക്കുകയാണല്ലോ. കുട്ടികൾക്കറിയാം നമുടെ ദൈവീക പുഷ്പങ്ങളുടെ പൂന്തോട്ടം ഉണ്ടായികൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ദേവതകൾ തന്നെയാണ് വസിക്കുന്നത് അവർ പിന്നീട് വരുന്നു, ചക്രം കറങ്ങികൊണ്ടിരിക്കുന്നു. 84 ജന്മങ്ങളും അവരേ എടുക്കൂ. മറ്റുള്ള ആത്മാക്കൾ എവിടെ നിന്ന് വരും. ഡ്രാമയിൽ ഏതെല്ലാം ആത്മാക്കളുണ്ടോ, ഒരാൾക്ക് പോലും പാർട്ടിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കില്ല. ഈ ചക്രം കറങ്ങികൊണ്ടേയിരിക്കുന്നു. ആത്മാവൊരിക്കലും മുറിയുന്നില്ല. ചെറുതും വലുതും ആവുന്നില്ല.

ബാബയിരുന്ന് മധുരമായ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, പറയുന്നു കുട്ടികളെ സുഖം നൽകുന്നവരായി മാറൂ. അമ്മ പറയാറുണ്ടല്ലോ – പരസ്പരം കലഹിക്കുകയോ വഴിക്കിടുകയോ ചെയ്യരുത്. പരിധിയില്ലാത്ത ബാബയും കുട്ടികളോട് പറയുന്നു ഓർമ്മയുടെ യാത്ര വളരെ സഹജമാണ്. ആ യാത്ര ജന്മ–ജന്മാന്തരം ചെയ്തു വന്നു എന്നിട്ടും പടിയിറങ്ങി വന്ന് പാപാത്മാവായി മാറി. ബാബ പറയുന്നു ഇത് ആത്മീയ യാത്രയാണ്. നിങ്ങൾക്ക് ഈ മൃത്യു ലോകത്തിലേയ്ക്ക് മടങ്ങി വരേണ്ടതില്ല. ആ യാത്രയിലൂടെ തിരിച്ച് വരുന്നു അതിന് ശേഷം എങ്ങനെയാണോ അങ്ങനെ തന്നെയായി മാറുന്നു. നിങ്ങൾക്കാണെങ്കിൽ അറിയാം നമ്മൾ സ്വർഗ്ഗത്തിൽ പോകുന്നുവെന്ന്. സ്വർഗ്ഗമായിരുന്നു, വീണ്ടും ആകും. ഈ ചക്രം കറങ്ങുകയാണ്. ലോകം ഒന്ന് മാത്രമാണ് ബാക്കി നക്ഷത്രം മുതലായവയിലൊന്നും ഒരു ലോകവുമില്ല. മുകളിൽ പോയി കാണുന്നതിന് വേണ്ടി എത്രയാണ് തലയിട്ടടിച്ചുകൊണ്ടിരിക്കുന്നത്. തലയിട്ട് അടിച്ചടിച്ച് മരണം മുന്നിൽ വരും. ഇതെല്ലാം സയൻസാണ്. മുകളിൽ പോകും എന്തുണ്ടാകാനാണ്.

മരണമാണെങ്കിൽ മുന്നിൽ നിൽക്കുകയാണ്. ഒരു ഭാഗത്ത് മുകളിൽ പോയി അന്വേഷണം നടത്തുന്നു. വേറൊരു ഭാഗത്ത് മരണത്തിന് വേണ്ടി ബോംബുകൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. മനുഷ്യരുടെ ബുദ്ധി നോക്കൂ എങ്ങനെയാണെന്ന്. മനസ്സിലാക്കുന്നുണ്ട് ഏതോ പ്രേരകനുണ്ടെന്ന്. സ്വയം പറയുന്നു ലോക മഹായുദ്ധം തീർച്ചയായും ഉണ്ടാകും. ഇത് അതേ മഹാഭാരതയുദ്ധമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളും എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ, അത്രയും മംഗളവും ഉണ്ടാകും. ഭഗവാന്റെ കുട്ടികളാണ്. ഭഗവാൻ തന്റെ കുട്ടിയാക്കി മാറ്റുന്നു അപ്പോൾ നിങ്ങൾ ഭഗവാനും ഭഗവതിയും ആയി മാറുന്നു. ലക്ഷ്മീ നാരായണനെ ദേവീ ദേവതയെന്ന് പറയുമല്ലോ. കൃഷ്ണനെ ദേവതയാണെന്ന് അംഗീകരിക്കുന്നുണ്ട്, രാധയെ ഇത്രയും ഇല്ല. സരസ്വതിയുടെ പേരുണ്ട്, രാധയുടെ പേരില്ല. കലശം ലക്ഷ്മിക്കും കാണിച്ചിരിക്കുന്നു. ഇതും തെറ്റായി നൽകിയതാണ്. സരസ്വതിക്കും അനേകം പേരുകൾ വെച്ചിരിക്കുന്നു. അത് നിങ്ങൾ തന്നെയാണ്. ദേവികൾക്കും പൂജ ഉണ്ടാകുന്നു അതിനാൽ ആത്മാക്കൾക്കും പൂജയുണ്ടാകുന്നു. ബാബ കുട്ടികൾക്ക് എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1) എങ്ങനെയാണോ ബാബ അപകാരിയുടെ മേലും ഉപകാരം ചെയ്യുന്നത്, അതുപോലെ ബാബയെ ഫോളോ ചെയ്യണം. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ കേട്ടിട്ടും കേൾക്കാതിരിക്കണം, പുഞ്ചിരിച്ചു കൊണ്ടിരിക്കണം. ഒരു ബാബയിൽ നിന്ന് മാത്രം കേൾക്കണം.

2) സുഖം നൽകുന്നവരായി മാറി എല്ലാവർക്കും സുഖം നൽകണം, പരസ്പരം കലഹിക്കുകയും വഴക്കിടുകയും ചെയ്യരുത്. വിവേകശാലികളായി മാറി തന്റെ സഞ്ചി അവിനാശീ ജ്ഞാന രത്നങ്ങളാൽ നിറയ്ക്കണം.

## വരദാനം : സാഗരത്തിന്റെ ആഴത്തിൽ പോയി അനുഭവീരൂപീരത്നം പ്രാപ്തമാക്കുന്ന സദാ സമർത്ഥആത്മാവായി ഭവിക്കട്ടെ.

സമർത്ഥആത്മാവാകുന്നതിനു വേണ്ടി യോഗത്തിന്റെ ഓരോ വിശേഷതയുടെ, ഓരോ ശക്തിയുടെ, ഓരോരോ ജ്ഞാനത്തിന്റെ മുഖ്യ പോയിന്റിന്റെയും അഭ്യാസം ചെയ്യൂ. അഭ്യാസം, ലഹരിയിൽ മഗ്നമായിരിക്കുന്ന ആത്മാവിനു മുന്നിൽ ഏതൊരു തരത്തിലുമുള്ള വിഘ്നം ഇരിക്കുകയില്ല, അതിനാൽ അഭ്യാസത്തിന്റെ പ്രയോഗശാലയിലിരിക്കൂ. ഇപ്പോൾ വരെ ജ്ഞാനത്തിന്റെ സാഗരം, ഗുണങ്ങളുടെ സാഗരം, ശക്തികളുടെ സാഗരത്തിൽ, മേലെ മേലെ അലകളിൽ അലയടിക്കുന്നു, പക്ഷേ ഇപ്പോൾ സാഗരത്തിന്റെ ആഴങ്ങളിൽ പോകൂ , എങ്കിൽ അനേക പ്രകാരത്തിലെ വിചിത്ര അനുഭവങ്ങളുടെ രത്നം പ്രാപ്തമാക്കി സമർത്ഥ ആത്മാവായി മാറും.

## സ്ലോഗൻ : അശുദ്ധിയാണ് വികാരമാകുന്ന ഭൂതങ്ങളെ ആഹ്വാനം ചെയ്യുന്നത് അതിനാൽ സങ്കൽപങ്ങളിൽ പോലും ശുദ്ധമാകൂ.

**അവ്യക്ത സൂചനകൾ : സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
ബ്രഹ്മാബാബ വിശേഷ ശ്രേഷ്ഠ സങ്കൽപങ്ങളാൽ കുട്ടികളുടെ ആഹ്വാനം ചെയ്യുന്നു, അതായത് രചന രചിച്ചു. ഈ സങ്കൽപത്തിന്റെ രചനയും കുറഞ്ഞതൊന്നുമല്ല. ശ്രേഷ്ഠശക്തിശാലി സങ്കൽപം പ്രേരിപ്പിച്ച് ഭിന്ന ഭിന്ന ധർമങ്ങളുടെ തിരശ്ശീലകളിൽ നിന്ന് പുറത്തെടുത്ത് സമീപം കൊണ്ടു വന്നു. ഇങ്ങനെ താങ്കൾ കുട്ടികളും ശക്തിശാലി ശ്രേഷ്ഠസങ്കൽപധാരിയാകൂ. തന്റെ സങ്കൽപങ്ങളുടെ ശക്തി കൂടുതൽ ചെലവാക്കാതിരിക്കൂ. വ്യർഥമാക്കിക്കളയാതിരിക്കൂ. എങ്കിൽ ശ്രേഷ്ഠ സങ്കൽപത്തിൽ നിന്ന് പ്രാപ്തിയും ശ്രേഷ്ഠമാകും.